# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 286 — 03/02/2020-ൽ മറുപടിക്ക്

## ആരോഗ്യ ഉപകേന്ദ്രങ്ങൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.കെ.എൻ.എ ഖാദർ** | | **കെ.കെ. ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വനിതാ ശിശു വികസനവും വകുപ്പുമന്ത്രി)** |
| എ) | ഈ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്ത് പുതുതായി എത്ര ആരോഗ്യ ഉപകേന്ദ്രങ്ങൾ തുടങ്ങാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ; | എ) | സബ് സെന്റർ തുടങ്ങുന്നതിനുള്ള മുഴുവൻ ചെലവും ജീവനക്കാരുടെ ശമ്പളമുൾപ്പെടെയുള്ള ചെലവുകളും സ്ഥലത്തെ ഗ്രാമ പഞ്ചായത്ത് വഹിക്കേണ്ടതാണെന്ന നിബന്ധനയോടു കൂടി മലപ്പുറം ജില്ലയിലെ വാഴക്കാട് പി.എച്ച്.സി ക്ക് കീഴിൽ എളമരം ഭാഗത്ത് സബ് സെന്റർ തുടങ്ങാൻ അനുമതി നൽകിയിട്ടുണ്ട്. |
| ബി) | പുതുതായി ആരോഗ്യ ഉപകേന്ദ്രങ്ങൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദമാക്കുമോ; | ബി) & സി) | പുതുതായി സബ് സെന്റർ അനുവദിക്കാൻ ഉദ്ദേശിക്കുന്ന പ്രദേശത്തെ ജനസംഖ്യയുടെ വിശദാംശം, പ്രസ്തുത പ്രദേശത്തെ ജനങ്ങൾക്ക് നിലവിൽ ലഭ്യമാകുന്ന മറ്റുള്ള ആരോഗ്യ സ്ഥാപനങ്ങളുടെ വിവരം, സ്ഥല ലഭ്യത, പ്ലാൻ, എസ്റ്റിമേറ്റ്, ഫണ്ടിന്റെ ലഭ്യത, ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനം, സബ് സെന്റർ പുതുതായി ആരംഭിക്കുന്നതിന്റെ ആവശ്യകത സംബന്ധിച്ചുള്ള റിപ്പോർട്ട് ഉൾപ്പെടെ അതാത് ജില്ലാ മെഡിക്കൽ ഓഫീസർ സാക്ഷ്യപ്പെടുത്തി സമർപ്പിക്കുന്ന വിശദമായ പ്രൊപ്പോസലിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാരിന്റെ അനുമതിയോടെ മാത്രമേ പുതിയ സബ് സെന്ററുകൾ അനുവദിക്കാൻ കഴിയൂ. |
| സി) | പുതിയ ആരോഗ്യ ഉപകേന്ദ്രങ്ങൾ ഇനി അനുവദിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ, എങ്കിൽ വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ